# സാമൂഹ്യ പ്രത്യാഘാത പഠനം
# വേങ്ങര 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം
# തിരൂരങ്ങാടി താലൂക്ക്, ഊരകം വില്ലേജ്, മലപ്പുറം ജില്ല
# 0.4678 ഹെക്ടർ ( 1 ഏക്കർ 15.60 സെന്റ്)

## കരട് റിപ്പോർട്ട്
## തീയതി : 30/11/2021

റിക്വസിഷൻ അധികാരി
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(കെ.എസ്.ഇ.ബി. ലിമിറ്റഡ്)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

**സാമൂഹ്യ പ്രത്യാഘാത പഠനം**
**വേങ്ങര 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം**
**തിരൂരങ്ങാടി താലൂക്ക്, ഊരകം വില്ലേജ്, മലപ്പുറം ജില്ല**
**0.4678 ഹെക്ടർ ( 1 ഏക്കർ 15.60 സെന്റ്)**

**ആമുഖം - പദ്ധതിയും പൊതു ആവശ്യവും**

മലപ്പുറം ജില്ലയിലെ ഊരകം, വേങ്ങര പ്രദേശങ്ങൾ വ്യവസായ പ്രാധാന്യമുള്ള പ്രദേശങ്ങളായി വികസിച്ചുകൊണ്ടിരിക്കുകയാണ് .അനേകം ക്വാറി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്ന ഈ പ്രദേശം, ഇന്റൽ ഇൻഡസ്ട്രീസ് എന്ന വ്യവസായ യൂണിറ്റിന്റെ സ്ഥാപനത്തോടെ ഒരു വ്യവസായ പാർക്കിന്റെ സവിശേഷത കൈവരിച്ചരിക്കുന്നു. രണ്ടായിരത്തി പത്തൊൻപതിൽ ചീഫ് എൻജിനീയർ (ട്രാൻസ്മിഷൻ) സമർപ്പിച്ച അഭ്യർത്ഥനയിൽ തന്നെ പ്രദേശത്തെ ഉയർന്ന വൈദ്യുത ഉപയോഗവും, വരും വർഷങ്ങളിൽ ഉണ്ടാകാവുന്ന വർദ്ധിത ഉപയോഗ സാധ്യതയും ചൂണ്ടികാണിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ഏഴോളം പുതിയ വ്യവസായ യൂണിറ്റുകൾ പ്രദേശത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ വീടുകളുടെ വർദ്ധന സംസ്ഥാന ശരാശരിയേക്കാൾ ഇരട്ടിയിൽ അധികമാണ്. ഇപ്പോഴുള്ള മലപ്പുറം, തുടരിക്കോട്, കിഴിശ്ശേരി, കുരിയാട്, , ഒതുക്കുങ്ങൽ സബ്സ്റ്റേഷനുകൾ അവയുടെ വിതരണശേഷിയുടെ പാരമ്യത്തിൽ ആണ് പ്രവർത്തിക്കുന്നത് എന്ന് സാങ്കേതിക വിദഗ്ദർ സൂചിപ്പിക്കുന്നു. കൂടാതെ സബ്സ്റ്റേഷനുകൾ, വലിയ അളവിൽ വിതരണ നഷ്ടം കുറയ്ക്കാൻ സഹായകരമാണ്. തീർത്തും കുന്നുകളും, താഴ്വാരങ്ങളും ഇടകലർന്ന ജില്ലയുടെ ഭൂപ്രകൃതിയിൽ വിതരണ നഷ്ടം ലഘൂകരിച്ച് ഉയർന്ന അളവിൽ വൈദ്യുതി വിതരണം നടപ്പാക്കുന്നതിന് കൂടുതൽ സബ്സ്റ്റേഷനുകൾ ആവശ്യമാണ് എന്ന് കെ.എസ്.ഇ.ബി സാങ്കേതിക വിഭാഗം നിർദേശിക്കുന്നു. ഈ ഒരു സാഹചര്യത്തിലാണ്. പുതിയ 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് യോഗ്യമായ സ്ഥലം കണ്ടെത്താൻ സർക്കാർ തീരിമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി താലൂക്കിൽ ഊരകം വില്ലേജിൽ ആവശ്യമായ സ്ഥലം കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് പ്രസ്തുത സ്ഥലം വിധേയമാക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനത്തിന്, കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കരട് റിപ്പോർട്ട് പ്രസ്തുത പഠനത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയതാണ്.

**പദ്ധതി പ്രദേശം**

ഗ്രാമസവിശേഷതകൾ ഉള്ള ഭൂപ്രകൃതിയും എന്നാൽ കൂടുതൽ ആളുകൾ കൃഷിയല്ലാത്ത ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന പ്രത്യേക സെൻസസ് പട്ടണം എന്ന വിഭാഗത്തിൽപ്പെടുന്നതാണ്. ഊരകം വില്ലേജ്. പദ്ധതി പ്രദേശം കാർഷിക പ്രധാന മേഖലയാണ്. എന്നാൽ ക്വാറികളും വ്യവസായയൂണിറ്റുകളും അങ്ങിങ്ങ് ഉള്ള പദ്ധതിപ്രദേശം ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ ഒന്നാണ്. ഉദ്ദേശം 16,000 ജനങ്ങൾ വസിക്കുന്ന പ്രദേശത്ത് സ്ത്രീ പുരുഷ അനുപാതം, സാക്ഷരത, ഭൂമിയുടെ വിതരണം എനന്നിവയിലെല്ലാം സംസ്ഥാന ശരാശരിയോട് ഒപ്പം നിൽക്കുന്ന പ്രദേശമാണ്.

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**പദ്ധതി ബാധിതരുടെ വിവരങ്ങൾ**

ആറ് ഭൂഉടമസ്ഥരുടെ ഉടമസ്ഥാവകാശത്തിലുള്ള 0.4678 ഹെക്ടർ( 1 ഏക്കർ 15.6 സെന്റ്) ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഭൂഉടമസ്ഥർ സഹോദരരാണ്. പദ്ധതി പ്രദേശത്തിന്റെ സമീപ സ്ഥലത്ത് താമസിക്കുന്നു എങ്കിലും ഭൂമി ഏറ്റെടുക്കൽ അവരുടെ സാമൂഹ്യ -സാംസ്കാരിക- കുടുംബ ബന്ധങ്ങളെ ഒരു രീതിയിലും ബാധിക്കാൻ സാധ്യത ഇല്ല. കൂടാതെ ഏറ്റെടുക്കുന്ന ഭൂമി, ഭൂഉടമസ്ഥരുടെ നിത്യ വരുമാന സ്രോതസ്സല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ ഭൂഉടമസ്ഥന്റെ സാമ്പത്തിക സ്ഥിതിയെ മോശകരമായി ബാധിക്കാൻ സാധ്യത ഇല്ല. പദ്ധതി ബാധിതരായ ഭൂഉടമസ്ഥർ സാമൂഹ്യ -സാമ്പത്തിക മുന്നോക്കാവസ്ഥയിൽ ഉള്ളതും ആണ്.

**ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

കുന്നംപുറം റോഡിന്റെ സമീപം സ്ഥിതി ചെയ്യുന്ന ഏറ്റെടുക്കുന്ന ഭൂമി, തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലമാണ്. എന്നാൽ എല്ലാ തെങ്ങ് മരങ്ങളും പതിനഞ്ച് വർഷത്തിന് മുകളിൽ പഴക്കമുളളതാണ്. തട്ടായി തിരിക്കപ്പെട്ടിരിക്കുന്ന ഭൂമി ആറ് ഉടമസ്ഥരുടെ കൂട്ടായ ഉടമസ്ഥതയിൽ ആണ് ഉള്ളത്. എന്നാൽ സഹോദരരായ ഈ ഉടമസ്ഥർ ഭൂമി വിട്ടു നൽകുന്നതിന് തയ്യാറാണ്. വേങ്ങര പട്ടണത്തിൽ നിന്നും എട്ട് കിലോമീറ്ററും മലപ്പുറം ജില്ലാ ആസ്ഥാനത്ത് നിന്നും പതിനാല് കിലോമീറ്ററോളം അകലെയാണ്. ഏറ്റെടുക്കുന്ന ഭൂമി. അടുത്ത റെയിൽവ്വേ സ്റ്റേഷൻ തിരുരങ്ങാടിയും, വിമാനത്താവളം കരിപ്പൂരും ആണ്.

**നടപ്പാക്കൽ ഏജൻസി**

കേരള സർക്കാർ ഉടമസ്ഥതയിൽ നടത്തുന്ന വൈദ്യുത ഉത്പാദന, പ്രസരണ, വിതരണ കമ്പനിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഥവാ കെ.എസ്.ഇ.ബി. ലിമിറ്റഡ്.

1957 ൽ ആണ് കെ.എസ്.ഇ.ബി പ്രവർത്തനം തുടങ്ങിയത്. കെ.പി. ശ്രീധരകൈമൾ ചെയർമാനായി അഞ്ച് മെമ്പർമാരുടെ സഹകരണത്തോടെയാണ് കമ്പനിയുടെ തുടക്കം. തിരുക്കൊച്ചിയിലെ വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് പിന്നീട് കെ.എസ്.ഇ.ബിയിലേക്ക് മാറ്റിയത്. 2014 ഓഗസ്റ്റിൽ വൈദ്യുതി ബോർഡിനെ ലിമിറ്റഡ്എന്ന കമ്പനിയാക്കി മാറ്റി. 1958 ൽ തുടക്കകാലത്ത് 109.5 മെഗാവാട്ട് വൈദ്യുതിയുമായാണ് ബോർഡ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് ആവശ്യകത ഉയർന്നപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി കടംവാങ്ങാൻ തുടങ്ങി. ഇന്നിപ്പോൾ ബോർഡിന് ധാരാളം ജലവൈദ്യുത പദ്ധതികളുണ്ട്. 2008 ലെ കണക്കു പ്രകാരം 2657.24 മെഗാവാട്ട് വൈദ്യുതി ബോർഡ് വിവിധ പദ്ധതികളിലൂടെ ഉദ്പാദിപ്പിക്കുന്നുണ്ട്. ഏതാണ്ട് 91,59,399 ഉപയോക്താക്കൾ നിലവിലുണ്ട്.

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

2012 മാർച്ച് 31ലെ കണക്കു പ്രകാരം 2874.79 മെഗാവാട്ട് ആണ് കെ.എസ്.ഇ.ബി.യുടെ മൊത്തം സ്ഥാപിതശേഷി. എന്നാൽ ഇതിൽ സംഭരണാവശ്യത്തിനുള്ള ചെറുകിട നിലയങ്ങളും അന്യസംസ്ഥാനങ്ങളിൽ കെ.എസ്.ഇ.ബി.യ്ക്ക് അവകാശപ്പെട്ട പദ്ധതിവിഹിതങ്ങളും ഉൾപ്പെടുന്നു.

നിലവിൽ എട്ടു ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിലും 37 ജലവൈദ്യുത പദ്ധതികൾ പ്ലാൻ ചെയ്തിട്ടുമുണ്ട്.

കെ.എസ്. ഇ. ബി.യുടെ കീഴിൽ പ്രസരണാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ളത് 400 കെ.വി, 220കെ.വി, 110കെ.വി, 66കെ.വി, 33കെ.വി എന്നീ വൈദ്യുത തീവ്രതകളുള്ള സബ്സ്റ്റേഷനുകളാണ്. ഇവ കൂടാതെ, അതതുപ്രദേശങ്ങളിലെ വിതരണത്തിനായി 11 കെ.വി സബ്സ്റ്റേഷനുകൾ (ട്രാൻസ്ഫോർമറുകൾ) കൂടിയുണ്ട്.

**ഭൂമി ഏറ്റെടുക്കൽ അധികാരി**

സ്പെഷ്യൽ തഹസിൽദാർ, എൽ.എ., ജനറൽ, തിരൂർ, മലപ്പുറം ആണ് തിരൂരങ്ങാടി താലൂക്കിൽ ഊരകം വില്ലേജിൽ വേങ്ങര 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്.

**സാമൂഹിക പ്രത്യാഘാതം**

ഉഭയസമ്മത പ്രകാരമുള്ള ഭൂമി ഏറ്റെടുപ്പാണ്. എന്നുള്ളതുകൊണ്ടു തന്നെ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘൂതരം എന്ന് കരുതാവുന്നതാണ്. കൂട്ട് ഉടമസ്ഥതയിൽ ഉള്ള ഭൂമി എന്ന നിലയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാര വിതരണത്തിൽ ഉടമസ്ഥരുടെ സഹകരണം ഉറപ്പുവരുത്തുന്നത് കാലതാമസം, വ്യവഹാരങ്ങൾ എന്നിവയെ ഒഴിവാക്കാനും അങ്ങനെ പ്രത്യാഘാതം കുറയ്ക്കാനും സഹായിക്കും. ഭൂമിയുടെ നഷ്ടം പദ്ധതി ബാധിതരുടെ കുടുംബത്തിന്റെ സാമ്പത്തിക നിലയെ ഒരു തരത്തിലും ബാധിക്കുന്നതായി സൂചനകൾ ലഭ്യമായിട്ടില്ല. എന്നാൽ പദ്ധതി വരുന്നതോടെ ഇപ്പോൾ തന്നെ വ്യവസായിക യൂണിറ്റുകൾ കൂടുതലായി വിന്യസിക്കപ്പെട്ടിരിക്കുന്ന പദ്ധതി പ്രദേശത്ത് വൈദ്യുതക്ഷാമം പരിഹരിക്കപ്പെടുകയും ആയത് കൂടുതൽ വ്യവസായിക യൂണിറ്റുകൾ ആരംഭിക്കുന്നതിന് കാരണം ആകുകയും ചെയ്യും. പദ്ധതി വലിയ അളവിൽ പ്രാദേശിക വികസനം ത്വരിതപ്പെടുത്തുകയും സാമൂഹ്യ-സാമ്പത്തിക പുരോഗതി ഉറപ്പാക്കുകയും ചെയ്യും.

**സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

ഒരു കുടുംബത്തിന് കൂട്ടായ ഉടമസ്ഥതയിൽ ഉള്ള ഭൂമി നഷ്ടപ്പെടുന്ന എന്നത് മാത്രമാണ്. പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. എന്നാൽ ഉദയസമ്മത പ്രകാരമാണ് പദ്ധതി ഭൂമി ഏറ്റെടുക്കലിന് വിധേയമാക്കുന്നത് എന്നത് ടി പ്രത്യാഘാതത്തെ വളരെ ലഘൂകരിക്കുന്നു. എന്നാൽ പദ്ധതി പ്രാദേശികമായി ലഭ്യമാക്കുന്ന വികസനം, ഊർജ്ജ വിതരണത്തിൽ ഉണ്ടാ

KESTRA VHS ★ VADAVATHOOR? KUZHY ★ KOTTAYAM-2 COLLECTORATE P.O.

കാവുന്ന നഷ്ടത്തിന്റെ കുറയ്ക്കൽ എന്നിവ കണക്കാക്കുമ്പോൾ പദ്ധതിയുടെ പ്രത്യാഘാതം വികസനപരവും പൊതുതാത്പര്യ പ്രാധാന്യമുള്ളതുമാണ്.

പദ്ധതിഭൂമിയുടെ തിരഞ്ഞെടുക്കലിൽ പ്രത്യേക മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയില്ല എങ്കിലും ജനപ്രതിനിധികൾ, പ്രദേശിക പൊതുകാര്യ പ്രസക്തരായ വ്യക്തികൾ എന്നിവരെല്ലാമായി കെ.എസ്. ഇ. ബി അധികൃതർ ചർച്ചകൾ നടത്തുക ഉണ്ടായിട്ടുണ്ട്. തുടർന്ന് നിർദേശിക്കപ്പെട്ട പലസ്ഥലങ്ങളിൽ നിന്നും അനുയോജ്യ സ്ഥലം തിരഞ്ഞെടുക്കുകയായിരുന്നു.

ഒരു കുടുംബത്തിലെ ആറ് പേരുടെ പേരിൽ കൂട്ടായികിടക്കുന്ന ഭൂമി ആയതിനാൽ പദ്ധതി ബാധിരുമായി ഭൂമി ഏറ്റെടുക്കൽ സംബന്ധമായി കൂടുതൽ കൂടിയാലോചനകൾ നടത്തി, നടപടിക്രമങ്ങൾ ബോധ്യപ്പെടുത്തി സമയബന്ധിതമായി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തികരിക്കുന്നത് പ്രത്യാഘാതലഘൂകരണത്തിനും വ്യവഹാരങ്ങൾ ഇല്ലാതാക്കുന്നതിനും സഹായിക്കും.

മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ സുതാര്യത, നടപടിക്രമങ്ങളുടെ പാലിക്കൽ എന്നിവ ഉറപ്പ് വരുത്താൻ നടപ്പാക്കാൽ ഏജൻസി കഴിവതും ശ്രമിച്ചിട്ടുണ്ട് എന്നതാണ്. കൃത്യമായ അതിർത്തികല്ലുകൾ സ്ഥാപിച്ചിരിക്കുന്നു എന്നതുകൊണ്ട് പദ്ധതിഭൂമിയുടെ അതിരുകൾ സംബന്ധമായി വ്യക്തത കൈവന്നിട്ടുണ്ട്. കൂടാതെ പദ്ധതി സംബന്ധമായി പ്രാദേശിക വാസികൾക്ക് നല്ല ബോധ്യം ഉണ്ട്. ഇത് എല്ലാം പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്ന നടപടികളാണ്. അതുകൊണ്ട് തന്നെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരം, സുതാര്യത, പുനരധിവാസ- പുനർവാസനിയമം 2013-ഉം ചട്ടങ്ങളും പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്.

**സാജു വി.ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്**

KERALA HS ... COLLECTORATE P.O. MULLANKUZHY KOTTAYAM-2

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതന്റെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

അനുബന്ധം - 1

## വേങ്ങര 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം
## തിരൂരങ്ങാടി താലൂക്ക്, ഊരകം വില്ലേജ് , മലപ്പുറം ജില്ല

**പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ**

| ക്രമ നം. | സർവ്വേ നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | ബ്ലോക്ക് നം. 37<br>86/6-4-4<br>86/6-4-6<br>86/6-4-8<br>86/6-4-1<br>86/6-4-5<br>86/6-4-9 | മൂഹമ്മദ്,<br>വിളക്കീരി ഹൗസ്,<br>കിളിനക്കോട്,<br>പള്ളിക്കൽ ബസാർ,<br>ചേറൂർ പി.ഒ, വേങ്ങര വഴി,<br><br>ഖദീജ, സഫിയ, സുഹറാബി, റഫീന,<br>മുനീറബി | 9846758692 | വസ്തു |

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.


അനുബന്ധം - 2


## PHOTOGRAPHS











KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2021 ഡിസംബർ 16<br>16th December 2021<br>1197 ധനു 1<br>1st Dhanu 1197<br>1943 അഗ്രഹായനം 25<br>25th Agrahayana 1943 | നമ്പർ<br>No. | 3682 |


FORM NO. 4
[*See* Rule 11(3)]

NOTIFICATION

No. DCMPM/5807/2021/LA1. *1st December, 2021.*

WHEREAS, it appears to the appropriate Government and the District Collector, Malappuram that the land specified in the schedule below is needed or likely to be needed for a public purpose, to wit for "Land Acquisition for the Construction of Vengara 110KV Sub-station in Malappuram District;

AND WHEREAS, in exercise of powers conferred by the provisions to clause (e) of section 3 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Resettlement Act, 2013 (Central Act 30 of 2013), Government of Kerala have notified and authorized the District Collector as appropriate Government as per G. O. (P) No. 376/2016/RD dated 29-6-2016 published SRO No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

AND WHEREAS, in exercise of powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and The District Collector, Malappuram have decided to conduct a Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the unit "Sri Saju V. Itty, Ex. Director, Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam" to conduct a Social Impact Assessment Study and to prepare a Social Impact Management plan as provided in the Act. The process shall be completed within a period of 31 days, not exceeding six months in any case.

SCHEDULE

*District*—Malappuram.

*Taluk*—Thirurangadi. *Village or Amsom*—Oorakam.

| *Sl. No.* | *Block No.* | *Survey No.* | *Description* | *Extent (in Hectares) (Approximate)* |
|---|---|---|---|---|
| 1 | 37 | 86/6-4-4, 86/6-4-8, 86/6-4-6, 86/6-4-1, 86/6-4-5, 86/6-4-9 | Purayidam (Dry Land) | 0.4678 |
| | | | **Total** | **0.4678** |

(Sd.)

DISTRICT COLLECTOR,
*Malappuram.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.12.16 09:11:05 +05:30